77 (986) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യം

ശ്രീ. പാലോട് രവി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ.എ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-ാമാണ്ട് ജൂലായ് 31-ന് സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യം എത്ര യൂണിറ്റ് ആയിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഈ കണക്കിനാധാരമായ വസ്തുതകളെന്തെല്ലാമാണ്;

(സി) പ്രസ്തുത തീയതികളിൽ സംസ്ഥാനത്തിന്റെ വൈദ്യുതി ഉൽപ്പാദനം എത്രയായിരിക്കും;

(ഡി) നിലവിലുള്ള ജലവൈദ്യുത പദ്ധതികൾ നിലവിലുള്ള തെർമൽ പവർ സ്റ്റേഷനുകൾ എന്നിവയിൽ നിന്ന് കിട്ടാവുന്ന അന്നത്തെ വൈദ്യുതി ഉൽപ്പാദനം എത്രയായിരിക്കും;

(ഇ) പ്രസ്തുത തീയതിക്ക് മുൻപ് പുതുതായി പ്രവർത്തന മാരംഭിക്കുന്ന മിനി ഹൈഡൽ പ്രോജക്ടുകൾ, തെർമ്മൽ പവർ സ്റ്റേഷനുകൾ എന്നീ ഓരോ ഗണത്തിലുംപ്പെട്ട സംരംഭങ്ങളിൽ നിന്നും കിട്ടാവുന്ന വൈദ്യുതി എത്ര വീതമായിരിക്കും;

(എഫ്) 2000-ാമാണ്ട് ജൂലായ് 31-ന് സംസ്ഥാനത്തിന്റെ വൈദ്യുതി കമ്മിയോ മിച്ചമോ എത്രയായിരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) രണ്ടായിരമാണ്ട് ജൂലായ് മാസം സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യം 1060 മില്യൻ യൂണിറ്റ് ആയിരിക്കും എന്നു കണക്കാക്ക പ്പെട്ടിരിക്കുന്നു.

(സി) പ്രസ്തുത ദിനത്തിൽ ആവശ്യം 34.2 മില്യൻ യൂണിറ്റ് ആണെന്ന് കണക്കാക്കിയിരിക്കുന്നു. കേന്ദ്രവിഹിതമനുസരിച്ച് ആദ്യത്തെ ഉൽപ്പാദനം ക്രമീകരിക്കുന്നതാണ്.

(ഡി) നിലവിലുള്ള ജലവൈദ്യുത പദ്ധതികളിൽ നിന്നും 1754.5 മെഗാവാട്ട്സ്, താപ വൈദ്യുതിയിൽ നിന്നും 545.6 മെഗാവാട്ടും കിട്ടുന്നുണ്ട്.

(ഇ) തെർമൽ പവർ സ്റ്റേഷനുകളിൽ നിന്നും 196 മെഗാവാട്ട് വൈദ്യുതി ലഭിക്കും.

(എഫ്) കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി കൂടി കണക്കിലെടുത്താൽ മിച്ചമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly